SY 236

# HALF YEARLY EXAMINATION 2024
## POLITICAL SCIENCE

Time: 2 ½ Hrs
Score: 80 Scores

ചുവട്

**From questions 1 to 12, answer for 16 scores.**

**1 മുതൽ 12 വരെയുള്ള 16**

1Who was the First chief Election Commissioner of India?
ഇന്ത്യയുടെ ആദ്യ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ്

**Ans:** Sukumar Sen -

**Score 1**

2. The Tashkent agreement was signed between Lal Bahadur Shastri and ………………. :
( Zulfikar Ali Bhuto, Ayub Khan, Yahya Khan, Mohammed Ali Jinnah )
താഷ്കന്റ് ഉടമ്പടി ഒപ്പുവെച്ചത് ലാൽ ബഹദൂർ ശാസ്ത്രിയും ……………………. ഉം ആണ്?
(സുൽഫിക്കർ അലി ഭൂട്ടോ, അയ്യൂബ് ഖാൻ, യഹ്യ ഖാൻ, മുഹമ്മദ് അലി ജിന്ന)

**Ans:** Ayub Khan - **Score 1**

3. Find out the personality who won the presidential election of 1969 ?
( VV Giri, Zakir Hussain, N Sanjeeva Reddy, Fakrudhin Ali Ahammed)
1969 ലെ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വിജയിച്ച വ്യക്തി ആര്?
(വി വി ഗിരി, സക്കീർ ഹുസൈൻ, സഞ്ജീവ റെഡ്ഡി, ഫക്രുദീൻ അലി അഹമ്മദ്)

**Ans:** VV Giri - **Score 1**

4. The origin of Dalit Panthers in 1972 was formed in the state of …………………
(Kerala, Rajasthan, Maharashtra, Orissa)
1972 ൽ ദളിത് പാന്തേഴ്സ് രൂപം കൊണ്ട സംസ്ഥാനം ആണ്
(കേരളം, രാജസ്ഥാൻ, മഹാരാഷ്ട്ര, ഒറീസ)

**Ans:** Maharashtra -

5. In January 1988 around 20,000 farmers had gathered in the city of Meerut, Uttar Pradesh protesting against the increase of electricity rates. These farmers were members of the ……organisation?
(Baratiya Kisan Morcha, Bharatiya Kisan Sabha, Bharatiya Kisan Union, Bhartiya Kisan Dal Longowal)
ജനുവരിയിൽ ഏകദേശം 20000 കർഷകർ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഉത്തർപ്രദേശിലെ മീററ്റിൽ ഒത്തുകൂടി. ഈ കർഷകർ ഏത് സംഘടനയിലെ അംഗങ്ങൾ ആണ്?
(ഭാരതീയ കിസാൻ മോർച്ച, ഭാരതീയ കിസാൻ സഭ, ഭാരതീയ കിസാൻ യൂണിയൻ, ഞന്ത (ൻ കിസാൻ ദൾ)

**Score 1**

**Ans:** Bharatiya Kisan Union -

**Score 1**

6. Who initiated reforms in the USSR in 1985?
1985 സോവിയറ്റ് യൂണിയനിൽ പരിഷ്കാരങ്ങൾ ആരംഭിച്ച നേതാവ് ആരാണ്?

**Ans:** Michael Gorbachev -

7. Which amoung the following statements about South Asia is wrong?
ദക്ഷിണ ഏഷ്യയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക?

All the countries in the South Asia are democratic
ദക്ഷിണ ഏഷ്യയിലെ എല്ലാ രാജ്യങ്ങളിലും ജനാധിപത്യ ഭരണമാണ്

Bangladesh and India have signed an agreement on river water sharing
ഇന്ത്യയും ബംഗ്ലാദേശും ആയി നദീജലം പങ്കുവെക്കുന്നതിന് കരാർ ഉണ്ടാക്കിയിട്ടുണ്ട്

SAFTA was signed at the 12th SAARC summit in Islamabad
സാഫ്ത ഒപ്പുവെച്ചത് ഇസ്ലാമാബാദിൽ നടന്ന 12 മത് സാർക്ക് ഉച്ചകോടിയിൽ വച്ചാണ്

The US and China play an influential role in South Asian politics
ചൈനയ്ക്കും യുഎസ്എ യും ദക്ഷിണേഷ്യൻ രാഷ്ട്രീയത്തിൽ നിർണായക സ്വാധീനം ഉണ്ട്

**Ans:** All the countries in the South Asia are democratic
ദക്ഷിണ ഏഷ്യയിലെ എല്ലാ രാജ്യങ്ങളിലും ജനാധിപത്യ ഭരണമാണ്

8. Name the movements associated with the following leaders?
താഴെ തന്നിരിക്കുന്ന നേതാക്കന്മാരുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ കണ്ടെത്തുക?

| | |
|---|---|
| Sundarlal Bahuguna<br>സുന്ദർലാൽ ബഹുഗുണ | Chipko Movement |
| Medha Patkar<br>മേധാപട്കർ | Narmada Bachavo Andolan |

9. Expand the following
NATO NAM
പൂർണ്ണരൂപം എഴുതുക?
NATO NAM

**Ans:** North Atlantic Treaty Organization
Non Alignment Movement

**Score 2**

10. The UN Security Council has .....permanent and .......Non-permanent members?
യുഎൻ രക്ഷാസമിതിയിൽ ...... സ്ഥിരാംഗങ്ങളും .......അസ്ഥിരാംഗങ്ങളും ആണ് ഉള്ളത്?

11.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| First Gulf War<br>ഒന്നാം ഗൾഫ് യുദ്ധം | Operation Enduring Freedom<br>ഓപ്പറേഷൻ എൻഡ്യൂറിങ് ഫ്രീഡം |
| Global War on Terror<br>ഭീകരതക്കെതിരായ ആഗോള യുദ്ധം | Operation Iraqi Freedom<br>ഓപ്പറേഷൻ ഇറാക്കി ഫ്രീഡം |
| Second Gulf War<br>രണ്ടാം ഗൾഫ് യുദ്ധം | Operation Desert Storm<br>ഓപ്പറേഷൻ ഡെസേർട്ട് സ്റ്റോം |

**Ans**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| First Gulf War<br>ഒന്നാം ഗൾഫ് യുദ്ധം | Operation Desert Storm<br>ഓപ്പറേഷൻ ഡെസേർട്ട് സ്റ്റോം |
| Global War on Terror<br>ഭീകരതക്കെതിരായ ആഗോള യുദ്ധം | Operation Enduring Freedom<br>ഓപ്പറേഷൻ എൻഡ്യൂറിങ് ഫ്രീഡം |
| Second Gulf War<br>രണ്ടാം ഗൾഫ് യുദ്ധം | Operation Iraqi Freedom<br>ഓപ്പറേഷൻ ഇറാക്കി ഫ്രീഡം |



ചുവട്

12.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| **Bharatiya Jana Sangh** ഭാരതീയ ജനസംഘം | Dr. BR Ambedkar ബി ആർ അംബേദ്കർ |
| **Socialist Party** സോഷ്യലിസ്റ്റ് പാർട്ടി | Shyama Prasad Mukharjee ശ്യാമ പ്രസാദ് മുഖർജി |
| **Communist Party** കമ്മ്യൂണിസ്റ്റ് പാർട്ടി | Acharya Narendra Dev നരേന്ദ്ര ദേവ് |
| **Republican Party of India** റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ | AK Gopalan എ കെ ഗോപാലൻ |

**Ans**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| **Bharatiya Jana Sangh** ഭാരതീയ ജനസംഘം | Shyama Prasad Mukharjee ശ്യാമ പ്രസാദ് മുഖർജി |
| **Socialist Party** സോഷ്യലിസ്റ്റ് പാർട്ടി | Acharya Narendra Dev നരേന്ദ്ര ദേവ് |
| **Communist Party** കമ്മ്യൂണിസ്റ്റ് പാർട്ടി | AK Gopalan എ കെ ഗോപാലൻ |
| **Republican Party of India** റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ | Dr. BR Ambedkar ബി ആർ അംബേദ്കർ |

**Answer any 4 questions from 13 to 17. Each carries 3 scores.**

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**3 സ്കോർ വീതം.**

13. Write a note on Green Revolution?
**ഹരിത വിപ്ലവത്തെ കുറിച്ച് ഒരു ചെറു കുറിപ്പ് എഴുതുക?**

In the 1960s food crisis became acute. As a results of the acute food shortage, Bihar famine the Govt. was forced to take some Initiatives in the agricultural sector.

**Green Revolution** was introduced to bring about revolutionary changes in agriculture to increase production, especially in food grains like Wheat and Rice.

| GREEN REVOLUTION<br>STRATEGY TO ENSURE FOOD SUFFICIENCY |
|---|
| Land Reforms – Land were given to Tenants who worked on other's land |
| Better irrigation facilities were introduced |
| Introduced High Yielding Verity Seeds |
| Fertilizers and Pesticides were also introduced |
| The Govt. declared support price to farmers |
| Provision for Agricultural Loans, Free Electricity introduced |
| Encouraged mechanization in agriculture |



ചുവട്

ബിഹാർ ക്ഷാമം, ഭക്ഷ്യപ്രതിസന്ധി എന്നിവ കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധ കൊടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചു.
ഹരിത വിപ്ലവം: ഭക്ഷ്യ സ്വയം പര്യാപ്തത ഉറപ്പുവരുത്താൻ ഇന്ത്യ ഗവൺമെന്റ് കാർഷിക രംഗത്ത് പുതിയൊരു തന്ത്രം ആവിഷ്കരിച്ചു. ഭക്ഷ്യ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള തീവ്ര ശ്രമങ്ങൾ രാജ്യത്ത് ഹരിത വിപ്ലവത്തിന് തുടക്കം കുറിച്ചു

| ഹരിത വിപ്ലവം<br>ഭക്ഷ്യ സുരക്ഷാ തന്ത്രം |
|---|
| ഭൂപരിഷ്കരണ നിയമം മൂലം കർഷകർക്ക് ഭൂമി ലഭിച്ചു |
| ജലസേചന സൗകര്യങ്ങൾ വിപുലപ്പെടുത്തി |
| അത്യുല്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ചെടുത്തു |
| രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കൊണ്ടു വന്നു |
| കാർഷിക വിളകൾക്ക് താങ്ങു വില പ്രഖ്യാപിച്ചു |
| കാർഷിക വായിപ, സൗജന്യ വൈദ്യുതി, തുടങ്ങിയവ അനുവദിച്ചു |
| കൃഷി രംഗത്ത് യന്ത്രവത്കരണത്തെ പ്രോത്സാഹിപ്പിച്ചു |

14. What does the term Syndicate mean in the context of the Congress Party of the sixties?
**അറുപതുകളിലെ കോൺഗ്രസിന്റെ പശ്ചാത്തലത്തിൽ 'സിൻഡിക്കേറ്റ്' എന്ന പദം എന്താണ് അർത്ഥമാക്കുന്നത് എന്ന് പറയുക?**

### Indira Gandhi Vs Syndicate

The political and power rivalry between Indira Gandhi and the Syndicate group within the Congress ultimately created a split in the party. The real challenge to Indira Gandhi came from not from the opposition but form within the Congress. She had to deal a strong group known as Syndicate. The syndicate played a prominent role in electing Indira Gandhi as the Prime Minister. Indira Gandhi thus faced two challenges. One was to control Syndicate and other was to regain the popular support of the party which it had lost in the election 1967.

### ഇന്ദിരാഗാന്ധി Vs സിൻഡിക്കേറ്റ്

ഇന്ദിരാ ഗാന്ധിയ്ക്കുള്ള യഥാർത്ഥ വെല്ലുവിളി പ്രതിപക്ഷത്ത് നിന്നായിരുന്നില്ല. സ്വന്തം പാർട്ടിക്കുള്ളിൽ നിന്നായിരുന്നു. കോൺഗ്രസ്സിനകത്തെ പ്രബലരും സ്വാധീനമുള്ളവരുമായ സിൻഡിക്കേറ്റ് ഗ്രൂപ്പിലെ നേതാക്കളെയാണ് ഇന്ദിരാ ഗാന്ധിക്ക് നേരിടേണ്ടി വന്നത്. ഇന്ദിരാ ഗാന്ധിയെ പ്രധാനമന്ത്രിയായി അവരോധിക്കുന്നതിൽ വലിയ പങ്കു വഹിച്ചവരായിരുന്നു സിൻഡിക്കേറ്റ് നേതാക്കൾ. രണ്ടു വെല്ലുവിളികളെ ഇന്ദിരാ ഗാന്ധിക്ക് നേരിടേണ്ടി വന്നു. ഒന്ന്, സിൻഡിക്കേറ്റ് നേതാക്കളെ ഒതുക്കുക. അതിന് അധികാര വടം വലിയെ പ്രത്യയശാസ്ത്ര പോരാട്ടമായി അവർ മാറ്റി. രണ്ട്, പാർട്ടിക്ക് 1967 ലെ തെരഞ്ഞെടുപ്പിൽ നഷ്ടപ്പെട്ട ജനപിന്തുണ തിരിച്ചു പിടിക്കുക. അതിന് പത്തിന പരിപാടി പോലെയുള്ള സോഷ്യലിസ്റ്റ് പദ്ധതികൾ നടപ്പിൽ വരുത്തി കയ്യടി നേടി

15. Explain the major lesson we learned from the Emergency in India in 1975 ?
**1975 ലെ അടിയന്തരാവസ്ഥയിൽ നിന്നും നമ്മൾ ഉൾക്കൊണ്ട പ്രധാന പാഠങ്ങൾ എന്താണെന്ന് വിവരിക്കുക?**

## LESSONS FROM EMERGENCY

- Emergency brought out the strength and weakness of democracy. Normal democratic functioning resumed within a short time.
- Emergency provision in the constitution had to be rectified or made more clear. In the Constitution 'Internal disturbance' replaced by 'Armed rebellion'.
- Indians realized the value of civil liberties, only after the Emergency
- The Govt. in power used the administrative machinery and police for political gains. This is not good for democracy.

## LESSONS FROM EMERGENCY

- ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തി ദൗർബല്യങ്ങൾ വെളിവാക്കപ്പെട്ടു. ചെറിയൊരു കാലയളവിനുള്ളിൽ തന്നെ സാധാരണ നിലയ്ക്കുള്ള ജനാധിപത്യ പ്രവർത്തനം പുനരാരംഭിച്ചു
- പല ഭരണഘടനാ വ്യവസ്ഥകളും അവ്യക്തമാണെന്ന് ബോധ്യപ്പെട്ടു. അത് പിന്നീട് പരിഹരിക്കപ്പെട്ടു അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സായുധ കലാപം കാരണമായി മാറ്റപ്പെട്ടു അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ മന്ത്രിസഭ രേഖാമൂലം രാഷ്ട്രപതിക്ക് ഉപദേശം നൽകണം
- അടിയന്തരാവസ്ഥ കാലത്ത് പൗരസ്വാതന്ത്ര്യം നഷ്ടപ്പെട്ട സാഹചര്യത്തിൽപൗര സ്വാതന്ത്ര്യത്തിന്റെ മൂല്യം ജനങ്ങൾക്ക് മനസ്സിലായി.

16. Name three pillars and objectives of the ASEAN community?
**ആസിയാൻ സമൂഹത്തിന്റെ മൂന്ന് സ്തംഭങ്ങൾ ഏതെന്നും അവയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും എഴുതുക**

| | |
|---|---|
| Territorial disputes should not escalate into armed confrontations & to promote regional peace and stability. | **ASEAN SECURITY COMMUNITY** |
| To create Free Trade areas for investments, labour and services. To establish dispute settlement mechanism to resolve economic dispues | **ASEAN ECONOMIC COMMUNITY** |
| To accelerate economic growth through social progress and cultural development. | **ASEAN SOCIO-CULTURAL COMMUNITY** |

ഭൂപരമായ തർക്കം സായുധ സംഘട്ടനത്തിലെത്തരുത് എന്ന വിശ്വാസ പ്രകാരമുള്ളതാ ആസിയാൻ സുരക്ഷാ സമൂഹം തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുക.

**ആസിയാൻ സുരക്ഷ സമൂഹം**

ഒരു പൊതുവിപണി സൃഷ്ടിക്കുക ഉത്പാദന അടിത്തറയുണ്ടാക്കുക തർക്ക പരിഹാര സംവിധാനം മെച്ചപ്പെടുത്തി സാമ്പത്തിക തർക്കങ്ങൾ പരിഹരിക്കുക. സ്വതന്ത്ര വ്യാപാര മേഖല സൃഷ്ടിക്കുക

**ആസിയാൻ സാമ്പത്തിക സമൂഹം**

മേഖലയിൽ സാമൂഹിക പുരോഗതിയും സാംസ്കാരിക വികസനവും കൈവരുത്തുക എന്നതാണ് സാമൂഹിക സാംസ്കാരിക സമൂഹത്തിന്റെ ലക്ഷ്യം.

**ആസിയാൻ സാമൂഹിക - സാംസ്കാരിക സമൂഹം**

17. Mention the areas of cooperation and disagreement between India and Bangladesh ?

**ഇന്ത്യയും ബംഗ്ലാദേശും ആയി സഹകരിക്കുന്നതും സഹകരിക്കാത്തതുമായ മേഖലകൾ കണ്ടെത്തുക?**

India & Bangladesh

**COOPERATION**

Economic relation between two countries improved considerably

Bangladesh is today part of India's Look East Policy that hopes to create a link with Myanmar

Cooperation on disaster management & Environmental Issues.

Cooperation on exchange of prisoners

**CONFLICTS**

1. Sharing of Ganga and Brahmaputhra river waters.
2. Illegal immigration to India from Bangladesh.
3. Supporting anti-India Islamic fundamentalist group.
4. Did not allow India to move the troops through Bangladesh territory towards North eastern India.
5. It refused to send natural gas to India.
6. It did not allow India to bring natural gas from Myanmar via Bangladesh. Boarder dispute in some areas.

India & Bangladesh

## COOPERATION

ഇരു രാജ്യങ്ങളും തമ്മിൽ സാമ്പത്തിക ബന്ധം മെച്ചപ്പെട്ടു.

മ്യാന്മാർ വഴി തെക്ക് കിഴക്കൻ എഷ്യൻ രാജ്യങ്ങളുമായി ബന്ധപെടാനുള്ള ഇന്ത്യൻ നയത്തിൽ (Look East Policy) ബംഗ്ലാദേശും പങ്കാളിയാണ്.

കുറ്റവാളികളെ കൈമാറുന്നതിനും പരസ്പര ധാരണയുണ്ട്.

## CONFLICTS

ഗംഗ ബ്രഹ്മപുത്ര നദികളിലെ ജലം പങ്കിടുന്നത് സംബന്ധിച്ച് ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ തർക്കമുണ്ട്.

ബംഗ്ലാദേശ് കുടിയേറ്റക്കാരുടെ വിഷയത്തിൽ തർക്കമുണ്ട്.

ചില മത മൗലിക വാദികൾക്ക് ബംഗ്ലാദേശിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം.

ഇന്ത്യയിൽ നിന്നും പോകുന്ന ഇന്ത്യൻ പട്ടാളക്കാർക്ക് ബംഗ്ലാദേശ് വഴി യാത്ര ചെയ്യാൻ അനുമതി നൽകാത്തത്.

ബംഗ്ലാദേശിൽ പ്രകൃതി വാതകം സുലഭമാണെങ്കിലും ഇന്ത്യക്ക് തരില്ലെന്ന നിലപാട്.

മ്യാൻമാറിൽ നിന്നും ലഭിക്കുന്ന പ്രകൃതി വാതകം ബംഗ്ലാദേശ് വഴി ഇന്ത്യയിലേക്ക് കൊണ്ടു വരാൻ അനുമതി നൽകാത്തത്.

നദീജലം പങ്കിടുന്ന കാര്യത്തിൽ രണ്ടു രാജ്യങ്ങളും തമ്മിലുള്ള തർക്കം.

ചില അതിർത്തി തർക്കങ്ങൾ നിലവിലുണ്ട്.

**Answer any 4 questions from 18 to 22. Each carries 4 scores.**

**18 മുതൽ 22വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**4 സ്കോർ വീതം**

18. What were the main provision of the Rajiv Gandhi – Longowal accord?
രാജീവ് ഗാന്ധി ലോഗോവാൾ സന്ധിയിലെ പ്രധാന വ്യവസ്ഥകൾ ഏതെല്ലാം ആയിരുന്നു?

### RAJIVE GANDHI – LONGOWAL ACCORD

- Chandigarh would be transferred to Punjab
- A separate Commission will look into the border dispute between Punjab and Haryana.
- A tribunal will decide the sharing of Ravi-Beas river water among Punjab, Haryana and Rajasthan.
- Compensation would be provided to those affected by the Militancy.
- Armed Forces Special Powers Act in Punjab would be withdrawn.

## RAJIVE GANDHI – LONGOWAL ACCORD
## രാജീവ് ഗാന്ധി - ലൊംഗോവാൾ കരാർ

- ചണ്ഡീഗഢ് പഞ്ചാബിന് കൈമാറണം.
- പഞ്ചാബും ഹരിയാനയും തമ്മിലുള്ള അതിർത്തി തർക്കം പരിഹരിക്കാൻ പ്രത്യേക കമ്മീഷൻ.
- പഞ്ചാബ്,ഹരിയാന,രാജസ്ഥാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള രവി, ബിയാസ് നദീജല തർക്കം ട്രൈബ്യൂണൽ തീരുമാനത്തിന് വിട്ടു.
- പട്ടാള നടപടികൾക്കിരയായവർക്ക് നഷ്ടപരിഹാരം.
- പഞ്ചാബിൽ നടപ്പിലാക്കിയ ആംഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ട് (AFSPA) പിൻവലിക്കും.

19. Explain the Cuban Missile Crisis?
**ക്യൂബൻ മിസൈൽ പ്രതിസന്ധിയെ കുറിച്ച് വിവരിക്കുക?**

**CUBAN MISSILE CRISIS**

- Cuba was an ally of the Soviet Union
- Soviet leaders feared that America would invade Communist Cuba
- Soviet Union wanted to turn the Cuba into a Russian Base.
- The developments in Cuba created panic among American leaders
- Soviet Union placed Nuclear Missiles in Cuba in 1962. It put the US under the nuclear threats of Soviet Union
- This move fired the US. It ordered for naval blockade Cuba.
- A clash between the USSR and USA was imminent.
- People all over the world became nervous over it.
- Everybody knew that any war between these super powers would affect the entire world.
- This is called Cuban Missile Crisis.

**ക്യൂബൻ മിസൈൽ പ്രതിസന്ധി**

- ക്യൂബ സോവിയറ്റ് യൂണിയന്റെ ഒരു സഖ്യ രാഷ്ട്രം ആയിരുന്നു.
- സോവിയറ്റ് യൂണിയൻ ക്യൂബയെ ഒരു റഷ്യൻ സൈനിക താവളമാക്കി മാറ്റി.
- ഫിഡൽ കാസ്ട്രോയുടെ നേതൃത്വത്തിലുള്ള ഭരണമാണ് അവിടെ ഉണ്ടായിരുന്നത്.
- അമേരിക്കയിൽ നിന്നും ക്യൂബയ്ക്ക് എതിരെ ആക്രമണമുണ്ടായേക്കാമെന്ന് സോവിയറ്റ് യൂണിയൻ ഭയപ്പെട്ടു.
- അമേരിക്കൻ അക്രമ ഭീതി കാരണം ക്യൂബയെ സോവിയറ്റ് യൂണിയൻ സൈനിക താവളമാക്കി മാറ്റി.
- 1962 ൽ സോവിയറ്റ് യൂണിയൻ ക്യൂബയിൽ അണ്വായുധ സഹിതമായ മിസൈലുകൾ സ്ഥാപിച്ചു.
- ക്യൂബയിലേക്ക് മിസൈലുകൾ കൊണ്ടുവന്നിരുന്ന റഷ്യൻ കപ്പലുകളെ തടയാൻ കെന്നഡി അമേരിക്കൻ നാവികസേനയ്ക്ക് കൽപ്പന നൽകി.
- റഷ്യയും അമേരിക്കയും തമ്മിലുള്ള ഒരു യുദ്ധം ആസന്നമായതായി ലോകത്തിനു തോന്നി.
- ക്യൂബൻ മിസൈൽ പ്രതിസന്ധി എന്നപേരിൽ ഇതറിയപ്പെടുന്നു.

ചുവട്

20. What is Shock Therapy? Explain its consequences.
ഷോപ്പ് തെറാപ്പി എന്നാൽ എന്ത് അതിന്റെ പ്രത്യാഘാതങ്ങൾ വിവരിക്കുക?

## SHOCK THERAPY

Transition of the Russia, Central Asia and East Europe from a **Totalitarian Socialist system** to **Democratic Capitalist system**

Totalitarian Socialist system → Transition → Democratic Capitalist system

## SHOCK THERAPY - CONSEQUENCES

- State controlled industrial Complex collapsed
- 90% of the State Controlled industries were sold. 'Largest Garage Sale in History'
- The value of the Russian Ruble fell miserably low
- Inflation skyrocketed, GDP declined & People lost their savings.
- Collective farming gave way to private farming
- Withdrawal of Govt. subsidies pushed the people into poverty
- Destroyed Social Welfare System
- The Academic and Intellectual manpower migrated
- Privatization led to economic disparities.
- Influence of IMF & World bank increased
- The constitutions of the new republics were drafted in a hurry
- Civil wars & Uprising also reported

## ഷോക്ക് ചികിത്സ

**സ്വേച്ഛാധിപത്യപരമായ സോഷ്യലിസ്റ്റ് സംവിധാനത്തിൽ നിന്നും ജനാധിപത്യപരമായ മുതലാളിത്ത സംവിധാനത്തിലേക്കുള്ള മാറ്റം**

| സ്വേച്ഛാധിപത്യപരമായ സോഷ്യലിസ്റ്റ് സംവിധാനം | Transition → | ജനാധിപത്യപരമായ മുതലാളിത്ത സംവിധാനം |
|---|---|---|

### ഷോക്ക് ചികിത്സ - പ്രത്യാഘാതങ്ങൾ

| |
|---|
| റഷ്യയുടെ വൻകിട വ്യവസായ സ്ഥാപനങ്ങൾ തകർന്നടിഞ്ഞു. |
| ചരിത്രത്തിലെ ഏറ്റവും വലിയ പാഴ് വസ്തു വില്പന. |
| റൂബിളിന്റെ മൂല്യം ഇടിഞ്ഞു. |
| റഷ്യയുടെ വ്യാപാര സംവിധാനമാകെ തകർന്നു. |
| കൂട്ട് കൃഷി സംവിധാനം അവസാനിച്ചു. |
| സർക്കാർ സബ്സിഡി പിൻവലിച്ചു. |
| സാമൂഹ്യ ക്ഷേമ സംവിധാനമാകെ നശിപ്പിച്ചു. |
| പണ്ഡിതരും ബുദ്ധി ജീവികളും അന്യ രാജ്യങ്ങളിലേക്ക് കുടിയേറി. |
| സാമ്പത്തിക അസമത്വം വർധിച്ചു. |
| ഐ.എം.എഫ് ന്റെയും ലോക ബാങ്കിന്റെയും സ്വാധീനം വർദ്ധിച്ചു. |
| പഴയ സോവിയറ്റ് ചേരിയിലെ രാജ്യങ്ങളെല്ലാം തിരക്ക് പിടിച്ചു ഭരണ ഘടനകൾ ഉണ്ടാക്കി. |
| പല രാജ്യങ്ങളിലും ആഭ്യന്തര യുദ്ധം നടന്നു. |

21. Describe the growth and development of China as an alternative center of power?
**ഒരു ബദൽ അധികാര കേന്ദ്രം എന്ന നിലയിലുള്ള ചൈനയുടെ വളർച്ചയും വികാസവും വിവരിക്കുക?**

## ചൈനീസ് സമ്പദ് വ്യവസ്ഥ

- ചൈനയിൽ സാമ്പത്തിക നയപരിഷ്കാരം നടപ്പാക്കിയതിനുശേഷം ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥ ചൈനയുടേതാണ്.
- 2040 ആകുമ്പോഴേക്കും ചൈന അമേരിക്കയെ മറികടക്കാൻ സാധ്യതയുണ്ട്.
- ചൈന നയപരമായ ചില സുപ്രധാന തീരുമാനങ്ങൾ എടുത്തു ചൗ എൻ ലായ് നാലു പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചു ശാസ്ത്ര സാങ്കേതിക മേഖല സൈന്യം എന്നിവയിലാണ് പരിഷ്കാരം നടപ്പാക്കിയത്.
- ഡങ് സിയാവോ പിങ് ചൈനയിൽ തുറന്ന വാതിൽ നയം പ്രഖ്യാപിച്ചു.
- ചൈന പടിപടിയായി സമ്പത്ത് വ്യവസ്ഥയെ കമ്പോളത്തിന് തുറന്നു കൊടുത്തു.
- പ്രത്യേക സാമ്പത്തിക മേഖലകൾ ചൈനീസ് വ്യാപാരത്തിന് കരുത്തേകി.
- ചൈനീസ് സമ്പദ് വ്യവസ്ഥയെ അതിന്റെ സ്തംഭനാവസ്ഥയിൽ നിന്ന് മോചിപ്പിക്കുന്നതിന് പുതിയ നയങ്ങൾ സഹായിച്ചു.
- വിദേശ മൂലധന നിക്ഷേപം ചൈനയിലേക്ക് ഒഴുകി ചൈനയ്ക്ക് ഇപ്പോൾ വൻതോതിൽ വിദേശ നാണയ ശേഖരം ഉണ്ട്
- അതിനാൽ മറ്റു രാജ്യങ്ങളിൽ വൻതോതിൽ മൂലധന നിക്ഷേപം നടത്താൻ ചൈനക്ക് സാധിക്കുന്നു

## ചൈനയുടെ വെല്ലുവിളികൾ

- **ചൈനയിൽ തൊഴിലില്ലായ്മ വർദ്ധിച്ചു ഏതാണ്ട് പത്തു കോടി ജനങ്ങൾ തൊഴിൽരഹിതരാണ്.**
- പാരിസ്ഥിതിക അധോഗതി കൂടിവരുന്നു, ചൈനയിൽ അഴിമതിയും പെരുകുകയാണ്.
- ചൈനയിൽ ജനങ്ങൾക്കിടയിൽ വലിയ അസമത്വം രൂപപ്പെടുന്നു.

## CHINESE ECONOMY

- New policies of China have broken their economy from stagnancy.
- By 2040 China is expected to overtake the US as the world's largest economy.
- China proposed four area of modernization as agriculture, Industry, Science and Technology and Military by Zhou En Lai
- The creation of Special Economic Zones led to a phenomenal rise in foreign trade.
- Privatization of agriculture and industry in 1982 and 1998.
- China became the most important destination for Foreign Direct Investment anywhere in the world.
- China adopted an economic policy to deepen the integration with the world economy.

## CHALLENGES OF CHINA

- Unemployment has risen; 100 million people are looking for jobs.
- Female employment conditions are bad.
- Increasing environmental degradation and Corruption.
- Rising economic inequality.

222. Write your arguments in favour of India's claim for the permanent membership in the UN Security Council ?
**ഐക്യരാഷ്ട്രസഭയുടെ സുരക്ഷാസമിതിയിൽ സ്ഥിരാംഗത്വം വേണമെന്ന് ഇന്ത്യയുടെ അവകാശവാദത്തിന് അനുകൂലമായ നിങ്ങളുടെ വാദഗതികൾ എഴുതുക?**

## ചുവട്

**PERMANENT MEMBERSHIP:**
**INDIA'S CLAIMS**

1. Fastest growing economy
2. A major military power.
3. A substantial contributor to the UN budget.
4. A big nation in terms of population.
5. Largest democratic country & Value to human right.
6. Diversity in terms of geography, economic system and culture.
7. India has actively participated in all UN initiatives

**സ്ഥിരാംഗത്വം:**
**ഇന്ത്യയുടെ അവകാശവാദങ്ങൾ**

- വളർന്നു കൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥ.
- പ്രാധാനപ്പെട്ട സൈനിക ശക്തി.
- യു എൻ ബഡ്ജറ്റിലേക്ക് വലിയ വിഹിതം നൽകുന്ന രാജ്യം.
- ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത്.
- ജനാധിപത്യത്തെയും മനുഷ്യാവകാശങ്ങളെയും മാനിക്കുന്ന രാജ്യം.
- ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും വൈവിദ്ധ്യമുള്ള രാജ്യം.

**Answer any 4 questions from 23 to 27. Each carries 5 scores.**
**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം**

23. India after 1989 witnessed five developments which has long lasting impact on our politics. Briefly explain them?
**ഇന്ത്യൻ രാഷ്ട്രീയത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയ അഞ്ചു സംഭവങ്ങൾക്ക് 1989 ന് ശേഷം സാക്ഷ്യം വഹിച്ചു അവ ചുരുക്കി വിവരിക്കുക**

## End of Congress System

The election in 1989 marked as the end of what is called the 'Congress System'. That means Congress lost its centrality with 1989 elections. Defeat of the Congress in 1989 led to the era of Multy-Party system. It led to the coalition government also when regional parties played a crucial role in forming ruling alliance.

| Coalition | Year |
|---|---|
| National Front | 1989 |
| United Front | 1996 |
| United Progressive Alliance | 2004 |
| National Democratic Alliance | 2014 |

## Mandal Issue

The Janatha government appointed second backward commission under the chairmanship of BP Mandal. In 1990 BP Singh Govt. decided to implement the recommendations of the Mandal Commission. The commission recommended

1. Identified the backwardness among various sections of society.
2. Reservation 27% seats in educational institution and government jobs for backward classes.
3. It recommended land reforms to improve the condition of OBC
4. Commission made recommendation in economic and occupational structures.

Violent anti Mandal protests broke out in different parts of the country.

## New Economic Policy

Prime Minister P.V Narasimha Rao in 1991 started new economic reforms to change the direction of Indian economic policy. (Liberalization, Privatization & Globalization).

1. India's New Economic Policy was launched by the then Finance Minister Dr. Manmohan Singh.
2. It radically changed the direction that Indian Economy had pursued since independence towards liberalized and open economy.

## Demolition of Babri Masjid

The disputed structures at Ayodhya – the Babri Masjid was demolished in December 1992. The demolition marked many changes in Indian politics.

**After demolition**,

1. The BJP state Government was dismissed.
2. Other states where the BJP was in power were also put under President's rule.
3. A case against Chief Minister of UP was registered in Supreme Court.

**Debate over secularism**,

1. Most of the political parties condemned the demolition and declared it to be against secularism
2. A debate took place about using religious sentiments for electoral purposes.

## Assassination of Rajive Gandhi

Congress leadership changed with the assassination of Rajive Gandhi in 1991. The change in leadership of the Congress marked various change in Indian politics.

## 1989 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ പരാജയം

1989 ലെ തെരഞ്ഞെടുപ്പ് പരാജയത്തോടെ കോൺഗ്രസ്സിന് ഇന്ത്യൻ രാഷ്ട്രീയത്തിലെ ആധിപത്യം നഷ്ടപ്പെട്ടു. തുടർന്ന് ഇന്ത്യയിൽ മുന്നണി വ്യവസ്ഥയുടെ കാലഘട്ടമാരംഭിച്ചു. 1989 തെരഞ്ഞെടുപ്പിലെ പരാജയം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ പ്രാധാന്യം നഷ്ടമാവാൻ തുടങ്ങി. കോൺഗ്രസിന്റെ പരാജയം ബഹുകക്ഷി സമ്പ്രദായത്തിലേക്ക് ഇന്ത്യൻ രാഷ്ട്രീയം മാറി. മുന്നണി രൂപീകരണത്തിലും സർക്കാർ രൂപീകരണത്തിലും പ്രാദേശിക കക്ഷികൾക്ക്

## മണ്ഡൽ പ്രശ്നം

1989 ൽ ദേശീയ മുന്നണി സർക്കാർ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ശിപാർശ ചെയ്യുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധങ്ങളും അക്രമങ്ങളും അരങ്ങേറി. ജനങ്ങൾക്കിടയിലെ പിന്നോക്കാവസ്ഥയുടെ വ്യാപ്തി, പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിനുള്ള മാർഗങ്ങൾ, എന്നിവ കണ്ടെത്താനാണ് കമ്മീഷൻ രൂപീകരിച്ചത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഒ.ബി.സികൾക്ക് അവരുടെ തനിമയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും മികച്ച ധാരണ നൽകാൻ സഹായകരമായി. പിന്നോക്കക്കാരന്റെ അവകാശ സംരക്ഷണത്തിനായി നിരവധി രാഷ്ട്രീയ കക്ഷികൾ ഇക്കാലത്ത് രൂപം കൊണ്ടു.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും പിന്നോക്കക്കാർ വളരെ കുറവാണെന്ന് കമ്മീഷൻ കണ്ടെത്തി.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികൾക്കും ഒബിസി കാർക്ക് 27 ശതമാനം സംവരണം കമ്മീഷൻ ശുപാർശ ചെയ്തു.
- പിന്നോക്ക വിഭാഗം വിഭാഗങ്ങളുടെ സാഹചര്യം മാറ്റിയെടുക്കുന്നതിന് ഭൂപരിഷ്കരണം പോലെയുള്ള ആവശ്യമായ നടപടികൾ നിർദ്ദേശിച്ചു.

### പുത്തൻ സാമ്പത്തിക നയം

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ദിശ മാറ്റാൻ 1991 ൽ പ്രധാനമന്ത്രി പി.വി നരസിംഹ റാവു പുതിയ സാമ്പത്തിക പരിഷ്കരണത്തിന് തുടക്കം കുറിച്ചു. ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും ഇക്കാലത്താണ് തുടക്കം കുറിച്ചത്. ധനകാര്യ മന്ത്രിയായിരുന്ന മൻമോഹൻസിംഗിന്റെ കാലഘട്ടത്താണ് പുത്ത സാമ്പത്തിക നയത്തിന് തുടക്കമായത്. ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ സമൂലമായ മാറ്റത്തിന് ഇത് കാരണമാവുകയും സ്വാതന്ത്ര്യലബ്ധിക്ക് ശേഷം കൂടുതൽ ഉദാരവൽക്കരണ, ആഗോളവൽക്കരണ പ്രക്രിയകളിലേക്ക് കടക്കുന്നതിനും സമ്പത്ത് വ്യവസ്ഥക്ക് സാധിച്ചു.

### ബാബറി മസ്ജിദ് പൊളിച്ചു

അയോധ്യയിലെ വിവാദ മന്ദിരമായ ബാബറി മസ്ജിദ് 1992 ൽ പൊളിച്ചു. മന്ദിരം പൊളിച്ചത് ഇന്ത്യൻ രാഷ്ട്രീയത്തിൽ വിവിധ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

**പൊളിച്ചു മാറ്റലിന് ശേഷം**

1. രാജ്യത്തിന്റെ പലഭാഗത്തും ഹിന്ദു മുസ്ലിം ലഹള പൊട്ടിപ്പുറപ്പെട്ടു.
2. സംസ്ഥാനത്തിൽ ഭരണത്തിൽ ഉണ്ടായിരുന്ന ബിജെപി സർക്കാരിനെ പുറത്താക്കി.
3. ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരെ കോടതിയെ ലക്ഷ്യത്തിന് സുപ്രീംകോടതി കേസെടുത്തു.
4. ബിജെപി അധികാരത്തിൽ ഉണ്ടായിരുന്ന മറ്റു സംസ്ഥാനങ്ങളിലും രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.
5. കോടതിയെ ധിക്കരിച്ചതിന് ഉത്തർപ്രദേശ് മുഖ്യമന്ത്രിയെ സുപ്രീംകോടതി അതിനിശിതമായി വിമർശിച്ചു.

**മതേതരത്വത്തെ കുറിച്ചുള്ള സംവാദം**

1. ബാബരി മസ്ജിദ് പൊളിച്ചതിന് മിക്കവാറും എല്ലാ രാഷ്ട്രീയ കക്ഷികളും അപലപിച്ചു.
2. മതേതരത്വത്തിനെതിരായ കടന്നുകയറ്റമായി എല്ലാവരും ഇതിനെ കണ്ടു.
3. തെരഞ്ഞെടുപ്പ് വിജയത്തിന് മതവികാരങ്ങളെ ചൂഷണം ചെയ്യാമോ എന്ന സംവാദം ശക്തമായി .

### രാജീവ് ഗാന്ധി വധം

1991 ൽ രാജീവ് ഗാന്ധി വധിക്കപ്പെട്ടതോടെ കോൺഗ്രസ് നേതൃത്വത്തിൽ മാറ്റങ്ങൾ വന്നു. തുടർന്ന് കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് പ്രകടനത്തിൽ മാറ്റം ഉണ്ടായി.

24. Evaluate the military and economic aspects of American hegemony?
**സൈനികമായും സാമ്പത്തികവുമായുള്ള അമേരിക്കയുടെ ആധിപത്യത്തെ വിലയിരുത്തുക**

**ചുവട്**

| | |
|---|---|
| **Hegemony as Hard Power**<br>(Hard power implies dominance of super power on ground of Military Power) | • Superiority in Military Power<br>• Us military power is absolute and relative<br>• In absolute terms, the US today has military capabilities that can reach any point on the planet accurately, lethally and in real time.<br>• No other power today can remotely match them.<br>• The US capacity to conquer is formidable.<br>• The US capacity to deter and punish is self-evident.<br>• The US spends more on its military capability than the next 12 powers combined.<br>• The Lion's share of American budget for Defence – Research and Development<br>• The US maintaining a strong Spy works. |

| | |
|---|---|
| **Hegemony as Structural Power**<br>(Structural power implies the dominance of super power on grounds of Economic Power) | • US role in providing global public goods (SLOCs) , Internet<br>• Dominance of US Dollar<br>• US share in world trade<br>• Bretton Woods Systems: The world Bank, WTO, IMF are the products of US hegemony<br>• Eg: Academic degree MBA |

ചുവട്

| | |
|---|---|
| കർക്കശാധികാരമെന്ന മേധാവിത്വം<br><br>അമേരിക്കയുടെ കരുത്തുറ്റ സൈനിക ശേഷിയാണിത്<br><br>(Hard Power) | • സുശക്തമായ സൈന്യം - അമേരിക്കയുടെ സൈനിക ശക്തി അപാരമാണ്.<br>• അമേരിക്കൻ സൈന്യത്തിന് ഭൂഗോളത്തിന്റെ ഏതു കോണിൽ വേണമെങ്കിലും കൃത്യമായി സംഹാരാത്മകമായി പ്രഹരം ഏൽപ്പിക്കാൻ കഴിയും.<br>• സൈനിക ശക്തി സമ്പൂർണ്ണവും ആപേക്ഷിക വുമാണ്. ലോകത്ത് എവിടെയും അമേരിക്കൻ സംരക്ഷണം നൽകാൻ അവർക്ക് കഴിയും.<br>• ബഡ്ജറ്റിന്റെ നല്ലൊരു ഭാഗം സൈനിക ചെലവാണ്.<br>• ലോകത്തിലെ വൻശക്തികളായ 12 രാജ്യങ്ങളുടെ സൈനിക ചെലവ്, അമേരിക്ക മാത്രം ഒരൊറ്റ കൊല്ലം ചെലവാക്കുന്നുണ്ട്.<br>• ഒരു രാജ്യത്തിനും അമേരിക്കയുടെ സാങ്കേതിക വൈഭവം സമീപകാലത്തൊന്നും കൈവരിക്കാൻ ആവില്ല.<br>• ശക്തമായ ചാര വൃത്തിയും അമേരിക്കക്കുണ്ട്. |
| ഘടനാപരമായ ശക്തി എന്ന മേധാവിത്വം<br><br>അമേരിക്കയുടെ ശക്തമായ സാമ്പത്തിക അധികാരത്തെ ഇത് സൂചിപ്പിക്കുന്നു<br><br>(Structural Power) | • പൊതുവായി ആവശ്യമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിൽ അമേരിക്കയ്ക്ക് വലിയ പങ്കുണ്ട്.<br>• (SLOCs) , ഇന്റർനെറ്റ്<br>• അമേരിക്കൻ ഡോളറിന്റെ ആധിപത്യം നിലനിൽക്കുന്നു.<br>• ലോകവ്യാപാരത്തിലെ അമേരിക്കയുടെ പങ്ക് വളരെ കൂടുതലാണ്.<br>• ലോക സമ്പദ് വ്യവസ്ഥയിൽ അമേരിക്കക്കുള്ള പങ്ക് 28 % ആണ്.<br>• ലോകബാങ്ക്, അന്താരാഷ്ട്ര നാണയ നിധി, ലോകവ്യാപാര സംഘടന എന്നിവയിലെ ആധിപത്യം അമേരിക്കയെ കരുത്തരാക്കുന്നു3<br>• MBA ഡിഗ്രി അമേരിക്കയുടെ ഒരു കണ്ടെത്തലാണ്. |

25. What makes the European Union a highly influential organisation?
എന്തൊക്കെ കാര്യങ്ങളാണ് യൂറോപ്പ്യൻ യൂണിയനെ വളരെ വലിയ സ്വാധീനമുള്ള സംഘടനയാക്കി മാറ്റുന്നത്?

The European Union was formed in 1992

**EURO**

Currency of European Union

## POWER OF EUROPEAN UNION

**ECONOMIC INFLUENCE** →

- World's biggest economy – **GDP 12 trillion D**.
- The Euro poses a threat to the US Dollar
- World trade share is the three times that of the US
- Economics power makes it influential with Asia and Africa

**POLITICAL INFLUENCE** →

- European Union has powerful political Influence - **NATO**
- Britain and France are permanent members of UN Security Council
- Armed forces are the second largest in the world

**MILITARY INFLUENCE** →

- Defence expenditure is **second** only to the US
- Britain and France have nuclear weapons
- World's second most important sources of space and communication technology.

1992 ൽ യൂറോപ്യൻ യൂണിയൻ സ്ഥാപിതമായി

**യൂറോ - EURO**

യൂറോപ്യൻ യൂണിയന്റെ കറൻസി

## യൂറോപ്യൻ യൂണിയന്റെ അധികാരം

### സാമ്പത്തികം

- ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയാണ് - GDP 12 ട്രില്യൻ ഡോളറാണ്
- യൂറോ കറൻസി അമേരിക്കൻ ഡോളറിനു ഭീഷണിയാവാൻ കഴിയും.
- ലോക വ്യാപാരത്തിൽ യൂറോപ്യൻ യൂണിയന്റെ പങ്ക് അമേരിക്കയുടെ മൂന്നിരട്ടി
- ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സാമ്പത്തിക സ്വാധീനം വർധിപ്പിക്കുന്നു

### രാഷ്ട്രീയം

- യൂറോപ്യൻ യൂണിയന് ശക്തമായ രാഷ്ട്രീയ സ്വാധീനമുണ്ട് - നേറ്റോയിലെ അംഗത്വം
- ബ്രിട്ടനും ഫ്രാൻസും ഐക്യരാഷ്ട്ര സഭയിൽ സ്ഥിരാംഗങ്ങളാണ് - വീറ്റോ അധികാരമുണ്ട്
- അമേരിക്കയുടെ പല നയങ്ങളെയും സ്വാധീനിക്കാൻ സാധിക്കും- നേറ്റോയിലെ

### സൈനികം

- സൈനിക ശക്തിയിൽ രണ്ടാം സ്ഥാനത്ത്
- സൈനിക ചെലവിൽ രണ്ടാം സ്ഥാനം
- ബ്രിട്ടണും ഫ്രാൻസും അണ്വായുധ ശക്തികൾ
- ബാഹ്യാന്തരീക്ഷ സാങ്കേതികവിദ്യ, കമ്മ്യൂണിക്കേഷൻ എന്നിവയിൽ യൂറോപ്യൻ യൂണിയന് രണ്ടാം സ്ഥാനം

26. Write a note on the ethnic conflicts in Sri Lanka?
ശ്രീലങ്കയിലെ വംശീയ പോരാട്ടത്തെ കുറിച്ച് ഒരു കുറിപ്പ് എഴുതുക

## ETHNIC CONFLICTS IN SRILANKA

- Sinhalese were hostile to the Tamils who had migrated from India.
- The Sinhalese believed that Sri Lanka belonged to them.
- Neglect of Tamil interest led to the formation of LTTE.
- Sinhala became official language.
- LTTE started fighting against Sri Lankan army demanding a separate region for Tamils.
- In 1987 Indian government signed an accord with Sri Lankan government and sent troops to stabilize the relation between the Tamils and the Sri Lankan government.
- The Sri Lankan Tamils did not appreciate the presence of the Indian army on their soil.
- They considered it an attempt on the part of India to interfere im Sri Lankan internal problem.
- The Sri Lankan crisis is still going on.

## ശ്രീലങ്കയിലെ വംശീയ സംഘട്ടനം

- ശ്രീലങ്കയിലെ തമിഴ് വംശജർ സ്വാതന്ത്ര്യം ആവശ്യപ്പെട്ടു കൊണ്ട് പ്രക്ഷോഭം തുടങ്ങി.
- സിംഹള ദേശീയ വാദികൾ തമിഴ് വംശജർക്ക് എതിരായിരുന്നു.
- ശ്രീലങ്ക സിംഹളരുടേതാണെന്ന് അവർ വിശ്വാസിച്ചു.
- സിംഹള ഭാഷ ഏക ഔദ്യോഗിക ഭാഷയാക്കി.
- തമിഴ് ദേശീയത ആളിക്കത്തി.
- തമിഴർക്ക് പ്രത്യേകം രാജ്യം ആവശ്യപ്പെട്ടു കൊണ്ട് LTTE എന്ന സായുധ സേന രൂപീകരിച്ചു.
- ശ്രീലങ്കൻ സർക്കാരുമായി ഇന്ത്യ കരാർ ഒപ്പ് വെച്ചു.
- ശ്രീലങ്കയിലെ സ്ഥിതി ശാന്തമാക്കാൻ ഇന്ത്യ ഒരു ഒരു പട്ടാളത്തെ നിയോഗിച്ചു- IPKF
- ശ്രീലങ്കയിലെ ഇന്ത്യൻ സൈനിക സാന്നിധ്യം ശ്രീലങ്കൻ തമിഴർക്ക് ഇഷ്ടമായില്ല.
- ശ്രീലങ്കയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇന്ത്യ ഇടപെടുന്നു എന്ന വികാരം ശക്തമായി.
- വംശീയ കലാപം വർഷങ്ങളോളം തുടർന്നു
- LTTE യുടെ നേതാവായ വേലുപ്പിള്ളി പ്രഭാകരനെ സൈന്യം വധിച്ചതോടെ പോരാട്ടം നിലച്ചു.

27. What are the main organs of the UNO? Briefly explain them.
ഐക്യരാഷ്ട്രസഭയുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാം അവ ചുരുക്കി വിവരിക്കുക

**UNO**

**ORGANS OF UNO**

| |
|---|
| **General Assembly**<br>Consists all member States –Debates and discuss global issues |
| **Security Council**<br>5 Permanent Members - Veto power, 10 Non Permanent Member<br>Preservation of International Peace and security. |
| **Economic & Social Council**<br>Deal with Economic and Social issues –<br>Look into the economic and social welfare of the member counties |
| **Trusteeship Council**<br>Supervision of the Trust regions |
| **International Court of Justice**<br>Settling legal disputes between the Countries |
| **Secretariat**<br>Entrusted with the day to day work of the UNO. Headed by Secretary General |

**UNO**

**ഐക്യരാഷ്ട്ര സഭയുടെ ഘടകങ്ങൾ**

| |
|---|
| **പൊതു സഭ**<br>എല്ലാ അംഗങ്ങളേയും ഉൾക്കൊള്ളുന്നു. ലോക സമാധാനത്തിനെതിരായ വിഷയങ്ങൾ ചർച്ച ചെയ്യുന്നു |
| **രക്ഷാസമിതി**<br>5 സ്ഥിരാംഗങ്ങളും, 10 അസ്ഥിരാംഗങ്ങളും<br>സ്ഥിരാംഗങ്ങൾക്ക് വീറ്റോ അധികാരമുണ്ട് |
| **സാമ്പത്തിക സാമൂഹ്യ സമിതി**<br>സാമ്പത്തിക സാമൂഹ്യ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നു |
| **ട്രസ്റ്റീഷിപ്പ് കൗൺസിൽ**<br>ട്രസ്റ്റ് പ്രദേശങ്ങളുടെ മേൽനോട്ടവും ഭരണവും നടത്തുന്നതിനുള്ള സംവിധാനം |
| **അന്താരാഷ്ട്ര നീതിന്യായ കോടതി**<br>നിയമ തർക്കങ്ങൾ പരിഹരിക്കുന്നു |
| **സെക്രട്ടേറിയറ്റ്**<br>യുഎന്നിന്റെ ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.<br>സെക്രട്ടേറിയറ്റിന്റെ തലവൻ സെക്രട്ടറി ജനറൽ ആണ് |

**Answer any 2 questions from 28 to 30. Each carries 8 scores**

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.**

28. Explain the process and consequences of partition of India?
ഇന്ത്യ വിഭജനത്തിന്റെ പ്രക്രിയയും അതിന്റെ അനന്തരഫലങ്ങളും വിവരിക്കുക?

# PARTITION OF INDIA

Partition of India was the outcome of the **"Two Nation Theory"**. The Two nation theory demended to create a **separate country for Mulsims**. Pakistan will comprise two territories, I.e **West and East Pakistan**. The Partition was realized as per the **Mount Batten Plan**. The Partition of India in 1947 was most abrupt and unplanned which created and spread communal riots.

## The process of partition faced different kinds of difficulties

Areas were supposed to be distributed on the basis of religious majority. **No Belt of Muslim majority was found anywhere in British India**. There were two areas of Muslim concentration. One was in the east and one was in the west. Joining the two was impossible. It created communal riots too.

**Not all Muslim majority areas wanted to be in Pakistan**. It was opposed in North Western Frontier Provinces. Khan Abdul Gaffar Khan of North Western Frontier Provinces staunchly opposed the partition of India.

**Punjab & Bengal, two Muslim majority provinces had non-Muslim belt where the Hindus formed the majority**. So it was decided to divide these two provinces according to religious majority at different levels.

**The Unsolved problems of the minorities on both sides of the boarder**. Lakhs of Hindus and Sikhs found themselves trapped in Pakistan. Lakhs of Hindus, Muslims and Sikhs were forced to leave the Country. The minorities on both sides were attacked.

## CONSEQUENCES OF PARTITION

- Tragic transfer of population in the history
- Peoples forced to leave the country and became refugees. Leaving behind all their savings.
- Lahore, Amritsar, Calcutta became Communal Zones. The Muslims would keep away from areas where Hindus and Sikhs lived.
- The agony and misery of the people fleeing across the border. The journey across the border was painful.
- Around 80 Lakhs of people were migrated. 10 Lakhs of people were ruthlessly killed.
- Those who got across the border realized that on the new land they had no houses of their own.
- Indian economy bacame an Amputated Economy
- Demands had come, India could be converted into a Hindu Nation.
- Partition paved way for a demand of Sikh Nation
- Mahathma Gandhi killed.

**'Partition is the Division of Hearts'**

**ഇന്ത്യാ-പാകിസ്ഥാൻ വിഭജനം:** സ്വാതന്ത്ര്യാനന്തരം ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും രണ്ട് രാഷ്ട്രങ്ങൾ നിലവിൽ വന്നു. ദ്വി രാഷ്ട്ര സിദ്ധാന്തമാണ് ഇന്ത്യ വിഭജനം അനിവാര്യമാക്കിയത്. മൗണ്ട് ബാറ്റൺ പദ്ധതി അനുസരിച്ചാണ് വിഭജന പ്രക്രിയ പൂർത്തിയാക്കിയത്.

## ഇന്ത്യ പാകിസ്ഥാൻ വിഭജന പ്രക്രിയയിലെ പ്രതിസന്ധികൾ

ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു മേഖലയുണ്ടായിരുന്നില്ല. മതവിഭാഗങ്ങളുടെ ഭൂരിപക്ഷം നോക്കിയായിരുന്നു പ്രദേശങ്ങളെ ഇന്ത്യക്കും പാകിസ്താനുമിടയിൽ വീതം വെച്ചിരുന്നത്. മുസ്ലീങ്ങൾ കേന്ദ്രീകരിച്ചിരുന്ന രണ്ടു മേഖലയെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് പശ്ചിമേന്ത്യയിലും ഒന്ന് പൂർവേന്ത്യയിലും. ഈ രണ്ടു മേഖലകളെ പരസ്പരം യോജിപ്പിക്കുക സാധ്യമായിരുന്നില്ല.

മുസ്ലീം ഭൂരിപക്ഷ മേഖലകൾ പാകിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചിരുന്നില്ല. വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ പാകിസ്ഥാനോടൊപ്പം ചേരാൻ മടിച്ചു. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്ന ഖാൻ അബ്ദുൽ ഗഫ്ഫാർ ഖാൻ രാഷ്ട്ര സിദ്ധാന്തത്തിന് തീർത്തും എതിരായിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ കേന്ദ്രങ്ങളായ പഞ്ചാബിലും ബംഗാളിലും മുസ്ലീങ്ങൾ അല്ലാത്തവർ ഭൂരിപക്ഷം വരുന്ന മേഖലകൾ ഉണ്ടായിരുന്നു. ഒടുവിൽ ഈ രണ്ട് സംസ്ഥാനങ്ങളും വിഭജിക്കാൻ തീരുമാനിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ പോലും ഇവിടെയുള്ളവർക്ക് താങ്ങൾ ഇന്ത്യക്കാരാണോ പാക്കിസ്ഥാനികളാണോ എന്ന് അറിയാൻ

അതിർത്തിയുടെ ഇരു ഭാഗത്തുമുണ്ടായിരുന്ന ന്യൂനപക്ഷങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കാൻ സാധിക്കാതെ വന്നത്. ലക്ഷക്കണക്കിന് ഹിന്ദു മുസ്ലിം സിഖ് ജനവിഭാഗങ്ങൾ അവരവരുടെ രാജ്യം വിടാൻ നിർബന്ധിതരായി. അതിർത്തിയുടെ ഇരുവശങ്ങളിലും പെട്ടുപോയ ന്യൂനപക്ഷങ്ങൾ ശരിക്കും കെണിയിൽപ്പെട്ട അവസ്ഥയിലായി. തങ്ങളും, തങ്ങളുടെ പൂർവികരും ജനിച്ചു വളരുകയും ജീവിക്കുകയും ചെയ്തു പോന്ന നാട്ടിൽ പെട്ടെന്ന് അവർ അന്യരായി.

## വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ

- ദുരന്ത പൂർണ്ണമായ ജനതാ കൈമാറ്റം.
- ചരിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം
- ലാഹോർ, അമൃതസർ, കൊൽക്കത്ത എന്നിവ കമ്യൂണൽ സോണുകളായി.
- അഭയാർത്ഥികൾ അക്രമത്തിന് ഇരയായി. അതിർത്തിക്കപ്പുറത്തും ഇപ്പുറത്തും കൂട്ടക്കൊലകളും അതിക്രമങ്ങളും ഉണ്ടായി.
- ഏകദേശം 80 ലക്ഷം പേർ ഇരു രാജ്യങ്ങളിലേക്കുമായി കുടിയേറി.
- ഒരുവിധത്തിൽ അതിർത്തിക്കപ്പുറത്ത് എത്തിപ്പെട്ടവരാകട്ടെ താമസസൗകര്യ മില്ലാതെ കഷ്ടപ്പെട്ടു.
- പത്തു ലക്ഷത്തോളം ആളുകൾ കൊല്ലപ്പെട്ടു. മതത്തിന്റെ പേരിൽ ജനങ്ങൾ പരസ്പരം നിർദയം കൊന്നു
- ഒന്നിച്ച് ജീവിച്ചിരുന്ന സമൂഹത്തിന്റെ ഹിംസാത്മകമായ വിഭജനം കൂടിയായിരുന്നു.
- വിഭജനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു.
- റെയിൽവേ ജീവനക്കാരും ഗവൺമെന്റ് ജീവനക്കാരും വിഭജിക്കപ്പെട്ടു.
- ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കി പ്രഖ്യാപിക്കണമെന്ന് ചില സംഘടനകൾ ആവശ്യപ്പെട്ടു സിഖ് രാഷ്ട്രം എന്ന വാദത്തിനു അടിത്തറ പാകി.
- മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടു.

**'ഹൃദയങ്ങളുടെ വിഭജനം'**

29. Describe various issues related to regional aspiration in North East region by using the following hints:
താഴെ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വടക്ക് കിഴക്ക് മേഖലയിലെ പ്രാദേശിക അഭിലാഷങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ വിവരിക്കുക?

- Demand for autonomy
- സ്വയം ഭരണാവകാശവാദം
- Secessionist movements
- വിഘടന വാദ പ്രസ്ഥാനങ്ങൾ
- Movements against outsiders
- പുറത്തുനിന്നുള്ളവർക്കെതിരായ പ്രസ്ഥാനം

## DEMAND FOR AUTONOMY

1. Non Assamese protested against the imposition of Assamese language on them.
2. Assam communities like Bodos, Karbis and Dimosas demanded separate state
3. They mobilized public opinion and popular movement.
4. Karbis and Dimosas were granded autonomy under district councils and while Bodos were granted autonomous council.

## MOVEMENT FOR SECESSION

### MIZORAM

1. After Independence, the Mizo hills was made an autonomous district within Assam
2. Mizos believed that they were never a part of British India and not belong to Indian Union
3. The movement of succession gained popular support after Assam Govt. failed to respond adequately to great famine of 1959 in Mizo Hills.
4. It led to the formation of Mizo National Front (MNF) under the Leadership of Laldenga.
5. In 1966, the MNF started an armed campaign for independence.
6. The MNF fought guerilla ear, got support from Pakistan Govt. and secured shelter in Pakistan
7. After two decades of insurgency Laldenga started negotiation with Indian Govt.

### ACCORD – RAJIV GANDHI & LALDENGA

1. In 1989 a peace accord was signed between Rajiv Gandhi and Laldenga.
2. The accord between Rajiv Gandhi and Laldenga of 1986 granted full-fledged statehood with special powers to Mizoram. MNF (Mizo National Front) agreed to give up secessionists struggle.

### NAGALAND

1. A group of Nagas under the leadership of Angami Zaphu Phiso declared independence from India
2. The Naga National Council launched armed struggle for Naga Sovereignty.
3. The central Govt. succeeded in signing an agreement with the Nagas.
4. Even today Nagaland problem remains unsettled.

## THE ASSAM MOVEMENT – A MOVEMENT AGAINST OUTSIDERS

1. Assam movement was against outsiders to maintain cultural integration of Assam
2. There was wide spread poverty and unemployment in Assam, despite existence of natural resources like tea, coal and oil
3. It was felt that resources were drained out of state without any benefit to the people

### AASU – All Assam Students Union

AASU led the movement in Assam against outsiders in 1979

### ASSAM ACCORD

Assam Accord was signed between Rajive Gandhi and AASU leaders over the issue of 'Outsiders'

1. The foreigners who migrated into Assam during and after Bangladesh war and since were to be identified and deported.
2. The Asom Gana Parishad came to power in 1985 with the promise of resolving the foreign national problem as well as to build a 'Golden Assam'

## ആസാം പ്രക്ഷോഭം– പുറത്തുള്ളവർക്ക് എതിരായുള്ള പ്രസ്ഥാനം

1. ആസാം പ്രസ്ഥാനം പരദേശികൾക്ക് എതിരെയുള്ള പ്രസ്ഥാനം ആയിരുന്നു.
2. കുടിയേറ്റക്കാരിൽ വലിയൊരു പങ്ക് ബംഗ്ലാദേശിൽ നിന്ന് വന്നവരാണ് ഈ വിദേശികളെ കണ്ടെത്തി പുറത്താക്കണമെന്ന് ആസാമിലെ ജനങ്ങൾ ആവശ്യപ്പെട്ടു.
3. ഓൾ ആസാം സ്റ്റുഡൻസ് യൂണിയന്റെ (AASU) നേതൃത്വത്തിൽ വിദേശ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു. ആസാമിലെ അനധികൃത കയ്യേറ്റം ആയിരുന്നു പ്രസ്ഥാനത്തിന്റെ കാരണം.
4. ബംഗാളികളും മറ്റു ദേശക്കാരും വൻതോതിൽ ആസാമിൽ കുടിയേറി അവരുടെ സംഖ്യ ആസാമികളേക്കാൾ കവിഞ്ഞു

### AASU – All Assam Students Union

1979 ൽ ഓൾ ആസാം സ്റ്റുഡൻസ് യൂണിയന്റെ (AASU) നേതൃത്വത്തിൽ വിദേശ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചു

### ആസാം ഉടമ്പടി

ആറു വർഷത്തെ പ്രക്ഷോഭത്തിനൊടുവിൽ രാജീവ് ഗാന്ധി - എ.എ.എസ്.യു നേതാക്കളുമായി ചർച്ച നടത്തുകയും ആസാം ഉടമ്പടിയിൽ ഒപ്പുവെക്കുകയും ചെയ്തു.

1. ഉടമ്പടി പ്രകാരം ബംഗ്ലാദേശ് യുദ്ധകാലത്തും അതിനുശേഷം ആസാമിൽ കുടിയേറിയ എല്ലാവരെയും പുറത്താക്കാൻ വ്യവസ്ഥ ചെയ്തു.
2. വിദേശീയരെ പുറത്താക്കുമെന്നും സുവർണ്ണ ആസാം സ്ഥാപിക്കുമെന്നും വാഗ്ദാനം നൽകി അസാം ഗണപരിഷത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും അധികാരത്തിൽ വരികയും ചെയ്തു.

## സ്വയം ഭരണാവകാശവാദം

1. സ്വാതന്ത്ര്യ സമയത്ത് വടക്ക് കിഴക്കൻ മേഖലകളിലെ ത്രിപുര മണിപ്പൂർ ഒഴികെയുള്ള എല്ലാ പ്രദേശങ്ങളും ആസാം സംസ്ഥാനത്തിൽ ആയിരുന്നു.
2. ആസാമീസ് ഭാഷ തങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് ആസാമികൾ അല്ലാത്തവർ ഇഷ്ടപ്പെട്ടിരുന്നില്ല.
3. ശക്തമായ എതിർപ്പിനെ തുടർന്ന് ത്രിപുരയും, മണിപ്പൂരും സ്വതന്ത്ര സംസ്ഥാനങ്ങൾ ആയി.
4. ആസാമിലെ ബോഡോകൾ, കർബികൾ, ദിമാസസുകൾ എന്നീ സമുദായങ്ങൾ പ്രത്യേക സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ പ്രക്ഷോഭം ആരംഭിച്ചു.
5. അതിനെ തുടർന്ന് കർബികൾക്കും, ദിമാസസുകൾക്കും സ്വയംഭരണാവകാശ ജില്ലാ കൗൺസിലുകളും, ബോഡോകൾക്ക് സ്വയം ഭരണാവകാശ കൗൺസിലും അനുവദിക്കപ്പെട്ടു.

## വിഘടനവാദ പ്രസ്ഥാനങ്ങൾ

### മിസോറാം

1. ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നില്ല എന്ന് ഒരു വിഭാഗം വിശ്വസിച്ചു.
2. അതിനാൽ ഇന്ത്യ സ്വതന്ത്രമായതോടെ അവർ ഇന്ത്യൻ യൂണിയനിൽ ലഭിക്കുന്ന പ്രശ്നം അംഗീകരിച്ചില്ല ബ്രിട്ടീഷ് ഇന്ത്യയിൽ പെട്ടവർക്കു മാത്രമേ ഇന്ത്യൻ യൂണിയനിൽ ചേരാൻ ബാധ്യതയുള്ളൂ എന്ന് അവർ വിശ്വസിച്ചു.
3. അതുകൊണ്ട് മിസോറാം സ്വതന്ത്ര രാജ്യമാണ് അവർ ആവശ്യപ്പെട്ടത് ഈ ആവശ്യത്തിന് നല്ല ജനപിന്തുണ നേടാൻ സാധിച്ചു.
4. വിഘടനവാദികൾ സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാനായി മിസോ നാഷണൽ ഫ്രണ്ട് രൂപീകരിച്ചു. ലാൽഡെങ്കയായിരുന്നു അവരുടെ നേതാവ്.
5. ഇന്ത്യൻ സൈന്യവും മിസോ നാഷണൽ ഫ്രണ്ടിന്റെ നേതൃത്വത്തിൽ വിഘടനവാദികളും ദീർഘകാലം പോരാട്ടം നടന്നു.
6. വിഘടനവാദികൾക്ക് കിഴക്കൻ പാകിസ്ഥാനിൽ താവളം ആവശ്യപ്പെടുകയും അവർക്ക് അത് ലഭിക്കുകയും ചെയ്തു.
7. സായുധ കലാപത്തെ അടിച്ചമർത്താൻ ഇന്ത്യൻ സൈന്യം ശക്തമായ നടപടികൾ സ്വീകരിച്ചു.

### രാജീവ് ഗാന്ധി - ലാൽ ഡെങ്ക ഉടമ്പടി

1. 1986 ൽ രാജീവ്ഗാന്ധിയും ലാൽഡെങ്കയും തമ്മിൽ സമാധാന ഉടമ്പടി ഒപ്പുവച്ചു. മിസോറാമിന് പ്രത്യേക അധികാരങ്ങളോടെ പൂർണ്ണ സംസ്ഥാന പദവി അനുവദിച്ചു.
2. വിഘടനവാദം പിൻവലിക്കാൻ മിസോ നാഷണൽ ഫ്രണ്ട് സമ്മതിച്ചു. ലാൽഡെങ്ക മിസോറാമിന്റെ മുഖ്യമന്ത്രിയായി. മിസോറാം ഇന്ന് ശാന്തമാണ്.

### നാഗാലാൻഡ്

5. അൻഗാമി സഫു പിസോയുടെ നേതൃത്വത്തിൽ നാഗന്മാർ 1951ൽ ഇന്ത്യയിൽ നിന്ന് സ്വതന്ത്രമായി എന്ന് സ്വയം പ്രഖ്യാപിച്ചു.
6. നാഗന്മാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നാഗാ നാഷണൽ കൗൺസിൽ രൂപീകരിക്കുകയും സായുധ കലാപം തുടങ്ങുകയും ചെയ്തു.
7. നാഗന്മാരിൽ ഒരു വിഭാഗവുമായി ഒരു ഉടമ്പടി ഒപ്പുവെക്കാൻ കേന്ദ്രസർക്കാരിന് സാധിച്ചു. ഇന്നും നാഗാ പ്രശ്നം പരിഹരിക്കാൻ സാധിച്ചിട്ടില്ല..

30. Explain the causes of the disintegration of Soviet Union?
സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനുള്ള കാരണങ്ങൾ വിശദമാക്കുക?

**Introdution:** During the period between 1989 and 1991 wold politics witnessed revolutionary changes. In November 1989 people toppled the Berlin Wall which was a symbol of Cold War. In 1991 Soviet Union itself disintegrated. Why did Soviet Union disintegrate? The important causes for the disintegration of Soviet Union are the following.

| | |
|---|---|
| **Economic Reasons (Economic Stagnancy)** | The Economy remained standstill for many years – Stagnant Economy |
| | Shortage of Consumer goods |
| | The USSR used the lion's share of its budget to build and maintain military and nuclear arsenal |
| | USSR concentrated on the development of the Satellite countries in Eastern Europe |
| | This led to a huge economic burden on the people |
| **Political & Administrative Causes** | Stagnant political Administration |
| | Rampant Corruption |
| | Centralized administration<br>Little Accountability to the people<br>Ordinary people exempted from privileges |
| | Absence of democracy – Ordinary people were abstained from political participation |
| | Communist party and Govt. not accountable to the people |
| | Political and Economic institution were failed to meet the aspirations of the people. |
| **Reforms of Gorbachev** | **Glasnost** (Openness)<br>To democratize the Soviet System |
| | **Perestroika** (Restructuring)<br>Economic reforms to keep the USSR abreast of the information and technological revolution. |
| | **Renunciation of Brezhnev's Doctrine**<br>(Armed intervention where socialism was threatened) and the |

| | |
|---|---|
| | pursuit of arms control agreements |
| | Society divided into two sections towards Gorbachev's reforms<br>a. Some sections of soviet society felt that Gorbachev should have much faster and were disappointed and impatient with him.<br>b. The members of the Communist party felt that their power and privileges were eroding and Gorbachev was moving too quickly.<br>In this tug of war, Gorbachev lost support on all sides and divided public opinion. |
| **Emergence of Nationalism** | The rise of nationalism and desire for sovereignty in the different republics of the Soviet Union also the reason for the disintegration (Estonia, Latvia, Lithuania, Ukraine & Georgia) |
| | People became more knowledgeable about the economic advancement of the Western countries. |
| **Emergence of Solidarity -Polish Trade Union-** | Polish workers organized **Solidarity**, an independent trade union of nearly 10 million members. Solidarity, which had strong support from the powerful Polish Catholic Church. |

## സോവിയറ്റ് യൂണിയന്റെ തകർച്ച - കാരണങ്ങൾ

**രണ്ടാം ലോക മഹായുദ്ധത്തോടെ സോവിയറ്റ് യൂണിയൻ ഒരു വൻ ശക്തിയായി മാറി. സോവിയറ്റ് സമ്പദ് വ്യവസ്ഥ അന്ന് മറ്റു രാജ്യങ്ങളെക്കാൾ വികസിതമായിരുന്നു. സോവിയറ്റ് രാഷ്ട്രീയ സംവിധാനം കമ്മ്യൂണിസ്റ്റ് പാർട്ടിയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. മറ്റൊരു രാഷ്ട്രീയ കക്ഷിക്കും പ്രതിപക്ഷത്തിനും സ്ഥാനം അനുവദിച്ചിരുന്നില്ല. സോവിയറ്റ് യൂണിയന്റെ തകർച്ച ശീതസമരത്തിന്റെ അന്ത്യം കുറിച്ചു. ലോകത്ത് കമ്മ്യൂണിസത്തിന്റെ തകർച്ചക്കും അതു വഴി വെച്ചു.**

| | |
|---|---|
| **സാമ്പത്തിക കാരണം** | സോവിയറ്റ് സമ്പദ് വ്യവസ്ഥ ദീർഘ കാലമായി സ്തംഭിച്ചു നില്കുകയായിരുന്നു |
| | ഉപഭോഗ വസ്തുകൾക്കെല്ലാം ക്ഷാമം ഉണ്ടാക്കി |
| | ഭാരിച്ച സൈനിക ചെലവ് സോവിയറ്റ് യൂണിയനെ കടക്കെണിയിലാക്കി |
| | സഖ്യ രാഷ്ട്രങ്ങളുടെ വികസനത്തിനാണ് സോവിയറ്റ് യൂണിയൻ ശ്രദ്ധ നൽകിയത് |
| | ഈ സാമ്പത്തിക ബാധ്യതകൾ എല്ലാം സാധാരണ ജനങ്ങൾക്ക് മേൽ വന്നു |

| | |
|---|---|
| രാഷ്ട്രീയ കാരണങ്ങൾ | ഭരണപരമായ സ്തംഭനാവസ്ഥ |
| | വ്യാപകമായ അഴിമതി |
| | കേന്ദ്രീകരിച്ച ഭരണ സംവിധാനം - ഭരണകർത്താക്കൾക്ക് ജനങ്ങളോട് യാതൊരു പ്രതിബദ്ധതയും ഉണ്ടായിരുന്നില്ല. ജനങ്ങൾക്ക് ഭരണത്തിന്റെ യാതൊരു പ്രയോജനം ലഭിച്ചില്ല. |
| | ജനാധിപത്യത്തിന്റെ അഭാവം - സോവിയറ്റ് ഭരണത്തിൽ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. |
| | ഗവൺമെന്റിനും ജനങ്ങളോട് യാതൊരു വിധേയത്വവും ഉണ്ടായിരുന്നില്ല. |
| | രാഷ്ട്രീയ സാമ്പത്തിക സ്ഥാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ സാധിക്കാത്തത് ജനങ്ങളുടെ നിരാശ വർദ്ധിപ്പിച്ചു. |
| ഗോർബച്ചേവിന്റെ ഭരണ പരിഷ്കാരങ്ങൾ | ഗ്ലാസ്നോസ്റ്റ് (Openness) - സോവിയറ്റ് രാഷ്ട്രീയ വ്യവസ്ഥ ജനാധിപത്യവൽക്കരിക്കുക. |
| | പെരിസ്ട്രോയ്ക (Restructuring) - സാമ്പത്തിക പരിഷ്കരണത്തിലൂടെ പാശ്ചാത്യ രാജ്യങ്ങളെപ്പോലെ സോവിയറ്റ് യൂണിയനെ വികസനത്തിന്റെ പാതയിലേക്ക് എത്തിക്കുക. |
| | ബ്രഷ്നേവിന്റെ സിദ്ധാന്തത്തെ എതിർക്കുകയും ആയുധപ്പന്തയത്തിനും വെല്ലുവിളികൾക്കും പകരം ആയുധ നിയന്ത്രണ കരാറുകളിൽ ഏർപ്പെടുകയും ചെയ്തു. |
| | ഗോർബച്ചേവിന്റെ പരിഷ്കാരങ്ങളോട് രണ്ടുതരത്തി ലുള്ള പ്രതികരണങ്ങളാണ് ഉണ്ടായത്.<br>1. ഗോർബച്ചേവ് കുറേകൂടി വേഗത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കേണ്ടതായിരുന്നുവെന്ന് സോവിയറ്റ് സമൂഹ ത്തിലെ ചില വിഭാഗങ്ങൾ കരുതി. ഗോർബച്ചേവിന്റെ മന്ദഗതി ജനങ്ങളെ നിരാശരാക്കി.<br>2. എന്നാൽ ഒരു വിഭാഗം ഇതിനു കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. ഗോർബച്ചേവ് അതിവേഗത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയതിനാൽ തങ്ങളുടെ അധികാരങ്ങളും ആനുകൂല്യങ്ങളും കൈമോശം വന്നതായി അവർ ആരോപിച്ചു.<br>പരിഷ്കരണ വാദികളും മറ്റുള്ളവരും തമ്മിൽ നടന്ന വടംവലിയിൽ ഗർഭചേ ഇരുപക്ഷത്തിന്റെയും പിന്തുണ നഷ്ടപ്പെട്ടു. |
| ദേശീയ ബോധം | സോവിയറ്റ് യൂണിയനിലെ വിവിധ റിപ്പബ്ലിക്കുകൾ ക്കിടയിൽ വളർന്നു വന്ന ദേശീയ ബോധവും പരമാധികാരത്തിനുള്ള ആഗ്രഹവും സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണമായി. |
| | റഷ്യ, എസ്തോണിയ ലാത്വിയ, ലിത്വാനിയ ഉക്രൈൻ ജോർജിയ തുടങ്ങിയ റിപ്പബ്ലിക്ക് കളിൽ എല്ലാം ഉയർന്നുവന്ന ദേശീയതയും പരമാധികാര ആഗ്രഹവും സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണമായി. |

| | |
|---|---|
| | പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക മുന്നേറ്റങ്ങളെ കുറിച്ച് വ്യക്തമായ ബോധ്യം സോവിയറ്റ് യൂണിയനിലെ ജനങ്ങൾക്ക് ഉണ്ടായിരുന്നു. |
| സോളിഡാരിറ്റിയുടെ ഉദയം | സോളിഡാരിറ്റി എന്ന തൊഴിലാളി സംഘടന പോളണ്ടിൽ രൂപീകരിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വലിയ തിരിച്ചടിയായി. സോളിഡാരിറ്റിയിൽ 10 മില്യൺ അംഗങ്ങൾ ചേർന്നു. കത്തോലിക്ക സഭയിൽ നിന്ന് ഉറച്ച പിന്തുണയും ലഭിച്ചു. |

**ചുവട്**

***Prepared By:***
**MUHAMMED RASAK. K**
**GOVT. HSS ERANHIMANGAD**
**MALAPPURAM. DT -679329**